**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-നവകേരളത്തിന് ജനകീയാസൂത്രണം-പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ-പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

സ.ഉ(കൈ)നം22/2018/തസ്വഭവ                    തിരുവനന്തപുരം, തീയതി: 14.02.2018

വായന : 1. 29.01.2018-ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 02.02.2018-ലെ സ.ഉ.(കൈ)നം.17/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ (2018-19 മുതൽ 2021-22 വരെ)തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ വായന ഒന്നും രണ്ടും ഉത്തരവുകൾ മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ തുടർച്ചയായി, സബ്സിഡി ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു. സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകൾക്കും പകരമാണ് ഈ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

1 എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും സ്പെഷ്യൽ സെക്രട്ടറിമാർക്കും
2 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക വകുപ്പ്
3 എല്ലാ ജില്ലാ കളക്ടർമാർക്കും (ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിമാർ)
4 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5 പഞ്ചായത്ത് ഡയറക്ടർ
6 ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
7 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
8 പൊതു വിദ്യാഭ്യാസ ഡയറക്ടർ
9 പട്ടികജാതി വികസന ഡയറക്ടർ
10 പട്ടികവർഗ വികസന ഡയറക്ടർ
11 ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ
12 ഹെൽത്ത് സർവ്വീസ് ഡയറക്ടർ
13 ഡയറക്ടർ ആയുഷ് വകുപ്പ്
14 പബ്ലിക് റിലേഷൻസ് ഡയറകടർ (അടിയന്തിര പത്രക്കുറിപ്പിന്)
15 മറ്റ് എല്ലാ വകുപ്പ് മേധാവികൾക്കും
16 മുഖ്യ നഗരാസൂത്രകൻ
17 ഡയറക്ടർ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
18 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
19 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
20 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)

24 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
25 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റമാർക്കും സെക്രട്ടറിമാർക്കും

26 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
27 എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും
28 എല്ലാ മുൻസിപ്പൽ ചെയർപേഴ്സൺമാർക്കും, സെക്രട്ടറിമാർക്കും
29 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
30 കൺവീനർ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (കനറാ ബാങ്ക്, തിരുവനന്തപുരം)(ഉപരിപത്രം സഹിതം)
31 എല്ലാ കൺവീനർമാർക്കും ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റികൾക്കും(ഉപരിപത്രം സഹിതം)
32 ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
33 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
34 ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
35 സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
36 സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
37 സെക്രട്ടറി മുൻസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ
38 സെക്രട്ടറി, മേയേഴ്സ് കൗൺസിൽ
39 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
40 അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

പകർപ്പ്:-

1. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ധനകാര്യവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. കൃഷി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
6. ഫിഷറീസ് വകുപ്പ്/കയർ/കശുവണ്ടി വികസന വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
7. വ്യവസായ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
8. ആരോഗ്യ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
9. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
10. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വികസന വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

**7.6.13 ഒരു ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ ഒരു നീന്തൽക്കുളവും നീന്തൽ പരിശീലനവും:-**

വിദ്യാർത്ഥികൾക്ക് നീന്തലിൽ പരിശീലനം നൽകി നീന്തൽ അറിയാവുന്ന ഒരു തലമുറയെ വാർത്തെടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ ഒരു നീന്തൽക്കുളമെങ്കിലും ഉണ്ടായാലേ ഈ ലക്ഷ്യം കൈവരിക്കാനാവൂ. നിലവിലുള്ള ഒരു കുളം മികച്ച നിലവാരത്തിൽ വികസിപ്പിക്കുന്നതായിരിക്കും അഭികാമ്യം. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ തൊഴിലുറപ്പുപദ്ധതിയുടെയോ വാർഷിക പദ്ധതിയുടെയോ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്. വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പരിശീലകരെ ഗ്രാമ പഞ്ചായത്തുകൾ/നഗരസഭകൾ കണ്ടെത്തണം. പരിശീലകന്റെ അലവൻസ്, കുട്ടികൾക്കുള്ള സ്വിമ്മിംഗ് ഡ്രസ്, റിഫ്രഷ്മെന്റ് ഉൾപ്പെടെയുള്ള ചെലവ് കണക്കാക്കി പ്രോജക്ട് അംഗീകരിച്ച് നടപ്പാക്കാവുന്നതാണ്.

**7.6.14 <u>കലാരംഗത്ത് സംസ്ഥാന സർക്കാരിന്റെ 2017-18 വർഷത്തെ വജ്രജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരന്മാർക്കുള്ള അധിക വിഹിതം:-</u>**

സംസ്ഥാന സർക്കാരിന്റെ 2017-18 ലെ വജ്രജൂബിലി ഫെലോഷിപ്പ് നേടുന്നതിന് പ്രാദേശിക സർക്കാരുകളുടെ സ്ഥാപനത്തോടു ബന്ധപ്പെട്ട് കലാഅഭ്യസനം അടക്കമുള്ള പ്രവർത്തനങ്ങൾ നടത്താൻ സന്നദ്ധരാകണം. അപ്രകാരം സന്നദ്ധമാകുന്ന കലാകാരന്മാർക്ക് സംസ്ഥാനസർക്കാർ ധനസഹായത്തിന് പുറമെ പ്രതിമാസം 5000/- രൂപ വീതം നൽകി അവരുടെ കലാസപര്യയുടെ പ്രയോജനം തദ്ദേശഭരണസ്ഥാപന പ്രദേശത്ത് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി ഏറ്റെടുക്കാവുന്നതാണ്. ഇതിന് അനുയോജ്യമായ സൗകര്യം തദ്ദേശസ്ഥാപനം ലഭ്യമാക്കേണ്ടതാണ്. ജില്ലാപഞ്ചായത്തുകൾ ജില്ലാതലത്തിലും ബ്ലോക്ക് പഞ്ചായത്തുകൾ ബ്ലോക്ക് തലത്തിലും സംസ്ഥാന സാംസ്കാരിക വകുപ്പ് നൽകുന്ന കലാകാരൻമാരുടെ വിന്യാസം ക്രമീകരിച്ച് പരിപാടികൾ നടപ്പാക്കേണ്ടതാണ്. ഇതിനാവശ്യമുള്ള തുകകൾ ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും വകയിരുത്തേണ്ടതാണ്.

7.6.15 **<u>തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനം:-</u>**

തദ്ദേശഭരണസ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രോജക്ടുകൾ തയ്യാറാക്കണം. ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിന് 1000/- രൂപയും പഞ്ചായത്ത് തല പ്രവർത്തനത്തിന് 40,000/- രൂപയും മുനിസിപ്പാലിറ്റികൾ വാർഡ് ഒന്നിന് 1500/- രൂപയും കോർപ്പറേഷനുകൾ വാർഡ് ഒന്നിന് 2500/- രൂപയും നൽകണം. മുനിസിപ്പൽ/ കോർപ്പറേഷൻ തല പ്രവർത്തനത്തിന് യഥാക്രമം 50,000, 1,00,000 ലക്ഷം രൂപയിൽ അധികരിക്കാതെ ചെലവഴിക്കാവുന്നതാണ്.